
# അദ്ധ്യായം - 26



*1) ഭക്തപാന്ത് 2) ഹരിശ്ചന്ദ്രപിതാലെ 3) ഗോപാൽ അംബേദ്കർ എന്നിവരുടെ കഥകൾ.*

## മുഖവുര

ലോകത്തിൽ കാണുന്ന സമസ്തവസ്തുക്കളും മായാവിലാസമാണ്. അവ മിഥ്യയാണ്. പരബ്രഹ്മം മാത്രമാണ് യഥാർത്ഥത്തിലുള്ളത്. കയറിനെയോ മാലയെയോ ഇരുട്ടിനാൽ പാമ്പെന്ന് ധരിക്കുന്നത്പോലെ നാം പുറംപൂച്ച് മാത്രം വിശ്വസിച്ച് ആന്തരാർത്ഥത്തെ മനസ്സിലാക്കാതെ പോവുന്നു. സദ്ഗുരുവിന് മാത്രമെ, പുറംപൂച്ചല്ല യഥാർത്ഥം എന്നു മനസ്സിലാക്കിത്തരുവാൻ കഴിയൂ. അതുകൊണ്ട് സദ്ഗുരുവിനോട് യഥാർത്ഥ കാഴ്ചയായ ദൈവ സാക്ഷാത്കാരം തരുവാനായി അപേക്ഷിക്കുക.

## ആന്തരിക ആരാധന

ഹേമദ്പാന്ത് ഒരു പുതിയതരം ആരാധന പറഞ്ഞു തരുന്നുണ്ട്. കണ്ണീരിനെ ചൂടുവെള്ളത്തിന്റെ സ്ഥാനത്ത് സദ്ഗുരു പാദങ്ങളെ കഴുകാനുള്ള ജലമായെടുക്കുക. ബാബയുടെ ശരീരം യഥാർത്ഥ പ്രേമമാകുന്ന ചന്ദനത്താൽ പൂശുക. യഥാർത്ഥ

വിശ്വാസമാകുന്ന വസ്ത്രത്താൽ അദ്ദേഹത്തിന്റെ ശരീരം ആവരണം ചെയ്യുക. നമ്മുടെ എട്ട് സാത്വിക വികാരങ്ങളായ എട്ട് താമരപ്പൂക്കളെകൊണ്ട് അർപ്പിക്കുക. ബാബയുടെ തലയിൽ ഭക്തിയാകുന്ന ചൂർണ്ണം തിരുമ്മുക. ഭക്തിയാകുന്ന അരപ്പട്ട ചുറ്റിച്ച് പാദത്തിൽ ശിരസ്സുവെക്കുക.

ഇങ്ങനെ സദ്ഗുരുവിനെ അലങ്കരിച്ച് നമ്മുടെ, എല്ലാറ്റിനെയും നേർച്ച ചെയ്ത് ഭക്തിയാകുന്ന ചാമരം വീശി ചൂടകറ്റുക. അങ്ങിനെ ആനന്ദകരമായ ആരാധനക്ക് ശേഷം ഇപ്രകാരം പ്രാർത്ഥിക്കുക. ' മനസ്സിനെ എന്നിലേക്ക് തന്നെ നയിച്ചാലും! സത്യവും മിത്ഥ്യയും തിരിച്ചറിയാനുള്ള കെൽപു തന്നാലും! ലൗകികത്തിൽ നിസ്സംഗത്വം തന്ന് ആത്മ ജ്ഞാനത്തിലേക്ക് എന്നെ നയിച്ചാലും! ശരീരവും ആത്മാവും അർപ്പിച്ചിരിക്കുന്ന ഞങ്ങളുടെ ദൃഷ്ടി അവിടുത്തെ ദൃഷ്ടിയാക്കി മാറ്റുക. അതുകൊണ്ട് ഞങ്ങൾ വേദനയും സന്തോഷവും അറിയാതിരിക്കട്ടെ. അവിടുന്ന് ആഗ്രഹിക്കുന്ന തരത്തിൽ ശരീരവും മനസ്സും നിയന്ത്രിച്ചാലും! അവിടുത്തെ പാദങ്ങളിൽ ഞങ്ങളുടെ മനസ്സ് ശാന്തി തേടട്ടെ'. ഇനി ഈ അദ്ധ്യായത്തിലെ കഥകളിലേക്ക് കടക്കാം.

## ഭക്ത പാന്ത്

മറ്റൊരു സദ്ഗുരുവിന്റെ ശിഷ്യനായ ഭക്തപാന്ത് ഒരിക്കൽ ഷിർദ്ദി സന്ദർശിച്ചു. അയാൾക്ക് ഷിർദ്ദിക്ക് വരാനിഷ്ട മില്ലായിരുന്നു. പക്ഷെ മനുഷ്യൻ ഒരു തരത്തിൽ ആശിക്കുന്നു. ദൈവം മറ്റൊന്നു വരുത്തുന്നു. അയാൾ തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ ഷിർദ്ദിക്കു പോവുന്ന പല ബന്ധുക്കളെയും സ്നേഹിതന്മാരെയും കാണാനിടയായി അവർ കൂടെ വരാൻ പറഞ്ഞപ്പോൾ അയാൾക്ക് എതിർത്തു നില്ക്കാൻ കഴിഞ്ഞില്ല. അവർ ബോംബെയിലും പാന്ത് വിറാറിലും ഇറങ്ങി. എന്നിട്ടയാൾ

അയാളുടെ സദ്ഗുരുവിന്റെ അനുവാദം വാങ്ങി, ആ സംഘത്തോട് കൂടി ഷിർദ്ദിക്കു പുറപ്പെട്ടു. അവർ ഷിർദ്ദിയിലെത്തി രാവിലെ 11 മണിക്ക് മസ്ജിദിലേക്ക് പോയി. അവിടെ കൂടിയ ഭക്തന്മാരുടെ തിരക്ക് കണ്ട് എല്ലാവരും സന്തുഷ്ടരായിരിക്കെ പാന്ത് അപസ്മാരമിളകി ബോധംകെട്ടു വീണു. അവരെല്ലാം ഭയന്ന് അയാളെ ബോധം വരുത്താൻ പലതും ശ്രമിച്ചുനോക്കി. ബാബയുടെ അനുഗ്രഹത്താൽ, തലയിൽ കുറെ വെള്ളമൊഴിച്ചപ്പോൾ ഉറക്കം ഉണർന്നപോലെ ആയാൾ എഴുന്നേറ്റിരുന്നു. അയാൾ മറ്റൊരു ഗുരുവിന്റെ ശിഷ്യനാണെന്നറിഞ്ഞ് ബാബ അയാൾക്ക് ഗുരുഭക്തി ഉറപ്പിച്ചുകൊടുക്കാൻ ഇങ്ങനെ പറഞ്ഞു: 'എന്തുവന്നാലും നീ നിന്റെ ആലംബം അതായത് ഗുരുവെ വിടാതെ കൂടിക്കൊള്ളൂ. എപ്പോഴും തയ്യാറായി ഗുരുവിനോട് ഐക്യം പ്രാപിക്കുവാൻ ശ്രമിച്ചാലും' പാന്തിന്നതിന്റെ അർത്ഥം മനസ്സിലാവുകയും സദ്ഗുരുവെ സ്മരിക്കുകയും ചെയ്തു. ഈ കരുണ അയാൾ ഒരിക്കലും മറന്നില്ല.

## ഹരിശ്ചന്ദ്ര പിതാലെ

ബോംബെയിൽ ഹരിശ്ചന്ദ്ര പിതാലെ എന്നൊരു മാന്യനുണ്ടായിരുന്നു. അയാളുടെ മകൻ അപസ്മാര രോഗിയായിരുന്നു. പല ചികിത്സകളും നടത്തിയിട്ടും സുഖം കിട്ടിയില്ല. പിന്നെ സിദ്ധന്മാരെ സമീപിക്കൽ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. ദാസ്ഗനു അക്കാലം തന്റെ കീർത്തനങ്ങളെക്കൊണ്ട് ബാബയുടെ കീർത്തി ബോംബെയിൽ മുഴുവൻ എത്തിച്ചിരുന്നു. പിതാലെ, ഈ വക കീർത്തനങ്ങൾ കേട്ടും മറ്റു പലരിൽനിന്നും ബാബ, സ്പർശനത്താലും ദർശനത്താലും പല മാറാരോഗങ്ങളും മാറ്റിയിരുന്നതായി കേട്ടിരുന്നു. പിതാലെ, കുടുംബസമേതം പല കാണിക്കകളും

പഴങ്ങളും മറ്റുമായി ഷിർദ്ദിയിൽ വന്നു. അത് 1910-ലായിരുന്നു. എന്നിട്ട് അയാൾ മസ്ജിദ്ദിൽ പോയി ബാബയെ നമസ്കരിച്ച് സുഖക്കേടായ മകനെ ബാബയുടെ കാൽക്കൽ വെച്ചു. ബാബയെ കണ്ടമാത്രയിൽ കുട്ടി കണ്ണ് വട്ടം ചുറ്റിച്ചു. ബോധം കെട്ടു വീണു. വായിൽ നിന്ന് നുരയും പതയും വന്ന് ദേഹം മുഴുവൻ വിയർത്ത് മരണലക്ഷണംപോലെ കാണിക്കാൻ തുടങ്ങി. ഇത് കണ്ട് അച്ഛനും അമ്മയും വല്ലാതെ പേടിച്ചു. അങ്ങിനെ ഇളക്കമുണ്ടാവലുണ്ടെങ്കിലും ഇത്രയധികം നേരം അന്നാദ്യമായിട്ടാണ് ഉണ്ടായത്. അമ്മ കരഞ്ഞു പറയാൻ തുടങ്ങി. അവർ കള്ളനെ പേടിച്ച് കയറികൂടിയ പുര തലക്കു വീണപോലെയും, പുലിയിൽനിന്ന് രക്ഷപ്പെട്ട പശു അറവുകാരന്റെ കയ്യിൽ കുടുങ്ങിയപോലെയും വെയിൽകൊണ്ട് തളർന്ന യാത്രക്കാരൻ തണൽ നോക്കിയിരുന്ന വൃക്ഷം തലക്കുവീണപോലെയു, അമ്പലത്തിൽ തൊഴാൻ പോയി കെട്ടിടം ദേഹത്തിൽ പൊളിഞ്ഞുവീണപോലെയുമാണ് അവരുടെ സ്ഥിതി എന്നും മറ്റും പറഞ്ഞു നിലവിളിച്ചു. ബാബ അവരെ സമാധാനിപ്പിച്ച് 'ഇങ്ങനെ കരയണ്ട. ക്ഷമിച്ചിരിക്കു, സമാധാനിക്കു. കുട്ടിയെ താമസസ്ഥലത്തേക്കെടുത്തോളു അരമണിക്കൂർകൊണ്ട് സുഖമാവും' എന്ന് പറഞ്ഞു. അവർ ബാബ പറഞ്ഞപോലെ ചെയ്യുകയും കുട്ടിയ്ക്ക് സുഖമാവുകയും ചെയ്തു. പിതാലെ കുടുംബം ഇത് കണ്ട് സന്തുഷ്ടരാവുകയും അവരുടെ സംശയം തീരുകയും ചെയ്തു. പിന്നെ പിതാലെ ഭാര്യയെയും കൂട്ടി വന്ന് നമസ്കരിച്ച് മനസ്സിൽ ബാബക്ക് നന്ദി പറഞ്ഞ് അദ്ദേഹത്തിന്റെ പാദം തലോടി ഇരുന്നു. ബാബ ചോദിച്ചു. 'ഇപ്പോൾ നിങ്ങളുടെ എല്ലാ ചിന്തകളും സംശയങ്ങളും, ഭയവും ശമിച്ചുവോ? ഹരി, വിശ്വാസവും ക്ഷമയുള്ളവനെ രക്ഷിയ്ക്കു' പിതാലെ ധനികനായിരുന്നു. അയാൾ വളരെ മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ബാബക്ക്

വിശിഷ്ടമായ പഴങ്ങളും വെറ്റിലടക്കയും കാണിക്കവെക്കുകയും ചെയ്തു. അയാളുടെ ഭാര്യ ശുദ്ധഹൃദയയും സാത്വികയും ഭക്തയുമായിരുന്നു. അവർ തൂണിന്നടുത്തിരുന്നു ബാബയെ വെറുതെ നോക്കിക്കൊണ്ടിരുന്നു കണ്ണീർ തൂകും. ബാബക്ക് അവരുടെ ഭക്തികണ്ട് വളരെ ഇഷ്ടമായിരുന്നു. ദൈവവും സിദ്ധന്മാരും, സർവ്വാർപ്പണം ചെയ്ത് ഭക്തന്മാരെ ഇഷ്ടപ്പെടുന്നു. കുറച്ച് ദിവസം ഷിർദ്ദിയിൽ കഴിഞ്ഞ് പിതാലെ കുടുംബം ബാബയോട് അനുവാദം ചോദിച്ച് പോകാനായി വന്നു. അവർക്ക് ഉധി കൊടുത്ത് ബാബ പിതാലയെ വിളിച്ച് സ്വകാര്യമായി പറഞ്ഞു.'ബാപ്പു! നിനക്ക് മുമ്പ് ഞാൻ രണ്ടുറുപ്പിക തന്നിട്ടുണ്ട്. ഇപ്പോൾ മൂന്നുറുപ്പികയും കൂടിതരുന്നു. ഇത് പൂജാ മുറിയിൽ വെച്ച് ആരാധിച്ചാലും'. പിതാലെ ഇവ സ്വീകരിച്ച് അനുഗ്രഹ ത്തിന്നപേക്ഷിച്ച് നമസ്ക്കരിച്ചു. അയാൾ ആദ്യമായി ഷിർദ്ദിയിൽ വന്നതാകയാൽ എങ്ങിനെയാണ് ആദ്യം രണ്ടുറുപ്പിക തന്നതെന്ന് അയാൾ ആലോചിക്കാൻ തുടങ്ങി. ഇത് മനസ്സിലാക്കാൻ ആഗ്രഹം തോന്നി എങ്കിലും ബാബ തുടർന്നൊന്നും പറഞ്ഞില്ല. ബോംബെയിലെത്തി അയാൾ വയസ്സായ അമ്മയോട് എല്ലാ വിവരവും പറഞ്ഞു. കൂട്ടത്തിൽ എങ്ങിനെയാണ് രണ്ടുറുപ്പിക മുമ്പ് തന്നതെന്നറിയില്ല എന്നും പറഞ്ഞു. അമ്മക്ക് ആദ്യം മനസ്സിലായില്ലെങ്കിലും നല്ലവണ്ണം ആലോചിച്ചപ്പോൾ ഒരു പഴയ സംഭവം ഓർമ്മവന്നു. അവർ മകനോട് പറഞ്ഞു. 'നീ മകനുമായി സായിയെ കാണാൻ പോയപോലെ നിന്റെ അച്ഛൻ നിന്നെയും കൂട്ടി വളരെക്കൊല്ലം മുമ്പ് അക്കൽക്കോട്ട് മഹാരാജിനെ കാണാൻപോയി. ആ മഹാരാജും ശരിക്കുള്ള ഒരു യോഗിയും സിദ്ധനും സർവ്വജ്ഞാനിയുമായിരുന്നു. നിന്റെ അച്ഛൻ ഭക്തനും പരിശുദ്ധനുമായതിനാൽ അദ്ദേഹത്തിന്റെ ആരാധന മഹാരാജ് സ്വീകരിച്ചു. അദ്ദേഹം നിന്റെ അച്ഛന് രണ്ടുറുപ്പിക

പൂജാമുറിയിൽവെച്ച് ആരാധിക്കാൻ കൊടുത്തു. നിന്റെ അച്ഛൻ മരണംവരെ അവ പൂജിച്ചു. പിന്നെ പൂജ മുടങ്ങി. ഉറുപ്പിക കാണാതെയുമായി. പിന്നെ അതിന്റെ ഓർമ്മകൂടെ മാഞ്ഞുപോയി. നീ ഭാഗ്യവാനായതുകൊണ്ട് അക്കൽക്കോട്ട് മഹരാജ് സായിബാബയുടെ രൂപത്തിൽ നിന്റെ കഷ്ടപ്പാടു തീർക്കാൻ കുടുംബത്തിലെ ആരാധന മുടങ്ങരുതെന്ന് പറഞ്ഞു തന്നതാണ്. ഇനി സംശയിക്കേണ്ട. എല്ലാ ഗർവ്വും കളഞ്ഞ് കുടുംബദേവന്മാരെയും ഉറുപ്പികയും മുടങ്ങാതെ ആരാധിക്കുക. ഋഷിമാരുടെ അനുഗ്രഹത്തിൽ സന്തുഷ്ടരാവുക. സായിസമർത്ഥ് നിനക്ക് ഭക്തി ഉണ്ടാക്കിത്തന്നിരിക്കുന്നു. അതു വളർത്തി യെടുത്ത് നന്നായിത്തീരുക'. അമ്മയുടെ വർത്തമാനം കേട്ട് പിതാലെ സന്തുഷ്ടനായി. അയാൾക്ക് ബാബയുടെ സർവ്വാന്തര്യാമിത്വം ബോദ്ധ്യപ്പെടുകയും ദർശനം കൊണ്ടുള്ള നേട്ടം അനുഭവപ്പെടുകയും ചെയ്തു. അതിൽ പിന്നെ വളരെ ശ്രദ്ധിച്ച് അയാൾ പെരുമാറാൻ തുടങ്ങി.

**അംബേദ്കർ**

പൂനയിലെ ഗോപാൽനാരായൺ അംബേദ്കർ ഒരു ബാബഭക്തനായിരുന്നു. അയാൾ അബ്കാരി ഡിപ്പാർട്ടുമെന്റിൽ താനയിലും ജവഹറിലും പണിയെടുത്ത് പെൻഷൻപറ്റി. ഒരു ജോലിക്ക് വീണ്ടും ശ്രമിച്ചു കിട്ടിയില്ല. മറ്റു കഷ്ടപ്പാടുകൾ പലതും നേരിട്ടു. സ്ഥിതി വളരെ വളരെ മോശമായി. ഏഴുകൊല്ലം ഇങ്ങനെ കഷ്ടപ്പെട്ടു. ഓരോ കൊല്ലവും ഷിർദ്ദിയിൽ വന്ന് ബാബയോട് കഷ്ടപ്പാടുകൾ പറയും. 1916-ൽ സ്ഥിതി വളരെ ശോചനീയമായതിനാൽ ഷിർദ്ദിയിൽവെച്ച് ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. അയാൾ ഭാര്യയേയും കൂട്ടിവന്ന് രണ്ട് മാസം ഷിർദ്ദിയിൽ താമസിച്ചു. ഒരു രാത്രി ദീക്ഷിത് വാഡക്കുമുന്നിൽ ഒരു കാളവണ്ടിയിൽ ഇരുന്ന് അന്നു രാത്രി അടുത്തുള്ള കിണറ്റിൽ ചാടിമരിക്കാൻ ഉറപ്പിച്ചു. പക്ഷെ മറ്റൊന്നാണ് വിധിച്ചത്.

അതിന്നടുത്ത് ഒരു ഹോട്ടലുണ്ട്. അവിടുന്ന് അതിന്റെ ഉടമ, സഗുൺ എന്നയാൾ അയാളെ വിളിച്ചു 'നിങ്ങൾ അക്കൽക്കോട്ട് മഹാരാജിന്റെ ജീവിത ചരിത്രം വായിച്ചിട്ടുണ്ടോ' എന്ന് ചോദിച്ചു. അംബേദ്കർ പുസ്തകം വാങ്ങി മറിച്ചു നോക്കി, കണ്ടതായ കഥ ഇപ്രകാരമായിരുന്നു. അക്കൽക്കോട് മഹാരാജിന്റെ കാലത്ത് ഒരു ഭക്തന് മാറാവ്യാധി വന്നു. എന്തായിട്ടും സുഖം കിട്ടാതെ നിരാശനായി ജീവിതം അവസാനിപ്പിക്കാൻ അയാൾ കിണറ്റിൽ ചാടി. ഉടനെ മഹാരാജാവ് അവിടെ വന്ന് അയാളെ സ്വന്തം കൈകൊണ്ട് കരകയറ്റി ഇങ്ങിനെ ഉപദേശിച്ചു, 'നിന്റെ കർമ്മഫലം നല്ലതായാലും ചീത്തയായാലും നീ അനുഭവിച്ചേതീരു. അനുഭവം പൂർത്തിയായില്ലെങ്കിൽ, ആത്മഹത്യ പരിഹാരമല്ല. മറ്റൊരു ജന്മമെടുത്ത് വീണ്ടും കഷ്ടപ്പാടനുഭവിക്കേണ്ടിവരും, അതുകൊണ്ട് ഇനി ഒരു ജന്മത്തിന്നിടവരുത്താതെ എന്തുകൊണ്ട് കുറെകൂടി അനുഭവിച്ച് കർമ്മഫലം ഈ ജന്മത്തിൽ തന്നെ തീർത്തുകൂടാ? അല്ലെങ്കിൽ പിന്നെ ആ ബുദ്ധിമുട്ട് സ്ഥിരമായിത്തീരില്ലെ'.

ഈ അവസരോചിതമായ കഥവായിച്ച് അംബേദ്കർ വിസ്മയിച്ച് തളർന്നുപോയി. ബാബയുടെ സൂചന ഈ കഥയിൽകൂടെ കിട്ടിയിരുന്നില്ലെങ്കിൽ അപ്പോഴെക്കും അയാൾ കഥ കഴിക്കുമായിരുന്നു. ബാബയുടെ സർവ്വാന്തര്യാമിത്വം ബോദ്ധ്യമായി അയാളുടെ ഭക്തി ഉറച്ചു. അയാളുടെ അച്ഛൻ, അക്കൽകോട്ടു മഹാരാജിന്റെ ഭക്തനായിരുന്നു. ബാബക്ക് അയാളെയും ആ വഴിക്കു നയിക്കലായിരുന്നു ഉദ്ദേശ്യം. അയാൾ പിന്നീട് ബാബയുടെ അനുഗ്രഹം സിദ്ധിച്ച് സ്ഥിതി മെച്ചപ്പെട്ടു തുടങ്ങി. അയാൾ ജ്യോതിഷം പഠിച്ച് അതുകൊണ്ട് കുറെ കഷ്ടപ്പാടു തീർന്നു. വേണ്ട പോലെ പണം കിട്ടിയതുകൊണ്ട് ബാക്കി ജീവിതം സുഖമായി കഴിച്ചു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!